**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6658** **09.11.2016 ൽ മറുപടിക്ക്.**

**വാണിജ്യ നികുതി വകുപ്പിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.അൻവർ സാദത്ത്** | **ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| (എ) വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും,സുതാര്യത ഉറപ്പ് വരുത്തുന്നതിനും, വ്യാപാരികൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ നൽകുന്നുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഇൻഡക്ഷൻ കോഴ്സ്, സർവ്വീസിൽ തുടരുന്നവർക്ക് റിഫ്രഷൻ കോഴ്സ് കൂടാതെ capacity building കോഴ്സും നൽകുന്നുണ്ട്. റിട്ടേൺ ഫയൽ ചെയ്യുന്നതും നികുതി അടയ്ക്കുന്നതും ഓൺലൈൻ സംവിധാനത്തിലൂടെ ആയതിനാൽ വ്യാപാരികൾക്ക് ഓഫീസുകളിൽ നേരിട്ട് വരേണ്ട ആവശ്യം വരുന്നില്ല.<br>സാങ്കേതിക കാരണങ്ങളുടെ പേരിൽ ചെക്ക് പോസ്റ്റുകളിൽ ചരക്ക് വാഹനങ്ങൾ തടയുന്നതും ജാമ്യ സംഖ്യ ഈടാക്കുന്നതും നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി ഒരു പുതിയ സംവിധാനം വകുപ്പിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചനയിലുണ്ടോ ;<br>(സി) ഉണ്ടെങ്കിൽ പുതിയ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (ബി) & (സി) 2016 ബഡ്ജറ്റിൽ പിയർ റിവ്യൂ ചെക്ക് പോസ്റ്റുകളുടെ ആധുനീകരണം, ടാക്സ് കോർണർ, ഇ-ന്യൂസ് ലെറ്റർ തുടങ്ങിയവ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>പിയർ റിവ്യൂ സംവിധാനത്തിലൂടെ എല്ലാ നികുതി നിർണ്ണയ നോട്ടീസുകളും ഉത്തരവുകളും അവ പുറപ്പെടുവിക്കുന്നതിന് മുൻപ് കേരളത്തിലെ മുഴുവൻ നികുതി നിർണ്ണയ അധികാരികൾക്കും കാണുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും കഴിയും. ഇതിലൂടെ മേൽപ്പറഞ്ഞ നോട്ടീസുകളും |

ഉത്തരവുകളും കൂടുതൽ സുതാര്യവും കുറ്റമറ്റതും ആകുന്നു. ചെക്ക് പോസ്റ്റുകളുടെ നവീകരണ പരിപാടികൾ തുടരുകയാണ്.

നികുതിയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ അറിയിക്കുന്നതിനുവേണ്ടിയാണ് ഇ-ന്യൂസ് ലെറ്റർ ആരംഭിക്കുന്നത്. കൂടാതെ നികുതി വകുപ്പിന്റെ ഭരണപരമായ വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തും ടാക്സ് കോർണറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**